## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2203** **20.06.2012-ൽ മറുപടിക്ക്**

## സപ്തധാരാ പദ്ധതിയിലെ പ്രഖ്യാപനം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ | **ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രികളിൽ നിയോനേറ്റോളജി, ഇന്റൻസീവ് ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ തുടങ്ങുമെന്ന സപ്തധാരാ പദ്ധതിയിലെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | എ) ഉണ്ട്. 2011-12 സാമ്പത്തികവർഷം ബഡ്ജറ്റിൽ അനുവദിച്ച 4 കോടി രൂപ ഉപയോഗിച്ച് തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രികളിൽ പ്രവർത്തിച്ചു വരുന്ന നിയോനേറ്റോളജി ഐ.സി.യു. ആധുനികവൽക്കരിച്ചിട്ടുണ്ട്. 2012-13 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയ 4 കോടി രൂപയിൽ 358.75 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. |
| ബി) ഇതിലേക്കായി എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് ? | ബി) 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിൽ 400 ലക്ഷം രൂപ വീതം ആകെ 800 ലക്ഷം (8 കോടി) രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ